സ്തേഫാനോസ് മാർ തേവോദോസിയോസ്

ജന്മശതാബ്ദി സപ്ലിമെന്റ്

STEPHANOS MAR THEODOSIUS MEMORIAL MISSION CENTRE : 20th OCTOBER 2024

www.mosc.in
catholicos@mosc.in

Ph: 0481 - 2574323, 2578500

The Malankara Orthodox Syrian Church

CATHOLOCATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

അനുഗ്രഹാശംസ

മലങ്കരസഭയുടെ വടക്കേഇന്ത്യൻ മിഷൻരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകി നിത്യതയിൽ മറഞ്ഞ കൽക്കട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന ഭാഗ്യസ്മരണീയനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഒരു വർഷം നീണ്ടുനിന്ന ജന്മശതാബ്ദി ആഘോഷങ്ങൾ സമാപിക്കുകയാണല്ലോ. ഈ പിതാവിനെ അനുസ്മരിക്കുമ്പോൾ, ക്രിസ്തുദർശനത്തിലൂന്നിയ സഭാശുശ്രൂഷകളും, മാനവദർശനത്തിൽ അടിസ്ഥാനപ്പെട്ട സാമൂഹ്യസേവന പദ്ധതികളും, അറിവിന്റെ വെളിച്ചം സാർവത്രികമാക്കുവാൻ ലക്ഷ്യംവെച്ചുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും കേരളത്തിന്റെ അതിരുകൾക്കപ്പുറം വ്യാപിപ്പിക്കുവാൻ അദ്ദേഹം നടത്തിയ അശ്രാന്തപരിശ്രമങ്ങൾ അത്ഭുതാവഹമെന്ന് മാത്രമേ വിലയിരുത്താൻ കഴിയുകയുള്ളൂ. കൽക്കട്ടാഭദ്രാസനത്തിൽ തല ഉയർത്തി നിൽക്കുന്ന അനേക വിദ്യാഭ്യാസ സ്ഥാപനങ്ങളും, ജീവകാരുണ്യ പദ്ധതികളും അദ്ദേഹത്തിന്റെ അദ്ധ്വാനത്തിന്റെ നിത്യസ്മാരകങ്ങളാണ്. അഭിമാനത്തോടും ചാരിതാർത്ഥ്യത്തോടുംകൂടി സഭ ഈ പിതാവിനെ ഓർക്കുന്നു. അദ്ദേഹത്തിന്റെ നിത്യസ്മരണയ്ക്ക് മുൻപിൽ ആദരവുകൾ സമർപ്പിക്കുന്നു.

അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് പാത്താമുട്ടം സ്ലീബാപള്ളിയിൽ നടക്കുന്ന സമ്മേളനത്തിന് നമ്മുടെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു. ഈ സമ്മേളനത്തിന്റെ സംഘാടകരെ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ ശ്രേഷ്ഠപിതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടെ.

പ്രാർത്ഥനാപൂർവ്വം

23 സെപ്റ്റംബർ 2024

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ

അഭി. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത

അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

അഭി. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത

ശ്രീ. കെ. റ്റി. ചാക്കോ ഐ. എ. എസ്

അഡ്വ. ചാണ്ടി ഉമ്മൻ എം. എൽ. എ.

സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനം

പാത്താമുട്ടം: ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഒരു വർഷം നീണ്ടുനിന്ന ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപനവും കൽക്കട്ട ഭദ്രാസനത്തിന്റെയും ഭിലായ് മിഷന്റെയും കീഴിൽ പ്രവർത്തിക്കുന്ന സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിന്റെ 11-ാമത് വാർഷികവും സംയുക്തമായി 2024 ഒക്ടോബർ 20 ഞായറാഴ്ച വൈകുന്നേരം നാലുമണിക്ക് പാത്താമുട്ടം സ്ലീബാപള്ളിയിൽവച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യും. കൽക്കട്ട ഭദ്രാസനത്തിന്റെ അഭിവന്ദ്യ ഡോ. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷതവഹിക്കുന്ന സമ്മേളനത്തിൽ അഭിവന്ദ്യരായ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തയും ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് മെത്രാപ്പോലീത്തയും അനുഗ്രഹപ്രഭാഷണവും ശ്രീ. കെ. ടി. ചാക്കോ ഐ. എ. എസ് അനുസ്മരണപ്രഭാഷണവും അഡ്വ. ചാണ്ടി ഉമ്മൻ എം. എൽ. എ. ആശംസപ്രസംഗവും നടത്തും. സമ്മേളനത്തിൽ വച്ച് മാർ തേവോദോസിയോസ് അവാർഡ് 2024 ബസ്റ്റ് സെമിനാരിയൻ അവാർഡ് അഖിലമലങ്കര പ്രസംഗമത്സര വിജയികൾക്കുള്ള സമ്മാനങ്ങളും നൽകും. അന്നേ ദിവസം പാത്താമുട്ടം സ്ലീബപള്ളിയിൽ രാവിലെ 7.30 ന് വി. കുർബ്ബാനയോടെയായിരിക്കും ശതാബ്ദിആഘോഷ സമാപനം അനുഗ്രഹീതമായി ആരംഭിക്കുക. വൈകുന്നേരം നാലുമണിക്ക് ആരംഭിക്കുന്ന സമാപനസമ്മേളനത്തിന്റെ ഭാഗമായി മാർ തേവോദോസിയോസ് ദർശനങ്ങൾ എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കും. എൺപത് വയസ്സ് പൂർത്തിയായ മിഷൻ സെന്റർ അഡ്വൈസറി ബോർഡ് അംഗങ്ങളെ സമ്മേളനത്തിൽ വച്ച് ആദരിക്കും. സ്ലീബാപള്ളി വികാരി റവ. ഫാ. പി. എം. സഖറിയ പള്ളിക്കപ്പറമ്പിൽ ജനറൽ കൺവീനറായി വിവിധ കമ്മിറ്റികളുടെ കൂട്ടായപ്രവർത്തനമാണ് ജന്മശതാബ്ദി ആഘോഷങ്ങളെ മികവുറ്റതാക്കുന്നത്.

കാര്യപരിപാടി - 2024 ഒക്ടോബർ 20 ഞായർ

6.30 am	:	പ്രഭാതനമസ്കാരം
7.30 am	:	വി. കുർബ്ബാന അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
4.00 pm	:	ജന്മശതാബ്ദി ആഘോഷ സമാപനസമ്മേളനം
പ്രാർത്ഥന	:	
സ്വാഗതം	:	റവ. ഫാ. പി.എം. സഖറിയ *(ജനറൽ കൺവീനർ & വികാരി, സ്ലീബ പള്ളി)*
ഡോക്യുമെന്ററി പ്രദർശനം	:	മാർ തേവോദോസിയോസ് ദർശനങ്ങൾ
റിപ്പോർട്ട്	:	റവ. ഫാ. കെ. കെ. ജോസഫ് *(സെക്രട്ടറി മിഷൻ സെന്റർ)*
അദ്ധ്യക്ഷപ്രസംഗം	:	അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത
ഉദ്ഘാടനം	:	മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ
അനുഗ്രഹപ്രഭാഷണം	:	അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത
അനുസ്മരണപ്രഭാഷണം	:	ശ്രീ. കെ. ടി ചാക്കോ ഐ. എ. എസ്
ആശംസാപ്രസംഗം	:	അഡ്വ. ചാണ്ടി ഉമ്മൻ എം. എൽ. എ.
അവാർഡ്ദാനം	:	മാർ തേവോദോസിയോസ് അവാർഡ് 2024 *(25000 രൂപയും പ്രശസ്തി ഫലകവും)* 1. റവ. ഡീക്കൻ വർഗീസ് ജോർജ്ജ് (വിശ്രാന്തി ഭവൻ, തിരുവനന്തപുരം) 2. റവ. സിസ്റ്റർ എലിസബേത്ത് (വിശ്രാന്തി ഭവൻ തിരുവനന്തപുരം) ബെസ്റ്റ് സെമിനാരിയൻ അവാർഡ് *(7500 രൂപയും പ്രശസ്തി ഫലകവും)* 1. ബ്രദർ ജോൺസ് ഏബെ ആൻഡ്രൂസ് *(കോട്ടയം വൈദിക സെമിനാരി)* 2. ബ്രദർ റോജൻ ജോയി *(നാഗപ്പൂർ വൈദികസെമിനാരി)*
സമ്മാനദാനം	:	അഖില മലങ്കരപ്രസംഗം വിജയികൾക്ക്
ആദരിക്കൽ	:	80 വയസ് പൂർത്തിയായ മിഷൻ സെന്റർ അഡ്വൈസറി ബോർഡ് അംഗങ്ങളെ ആദരിക്കൽ
കൃതജ്ഞത	:	ശ്രീ. ഷാജി ഏബ്രഹാം *(ട്രഷറാർ, മിഷൻ സെന്റർ)*

സമാപനപ്രാർത്ഥന, കാതോലിക്കാമംഗളഗാനം, ദേശീയഗാനം

സ്തേഫാനോസ് മാർ തേവോദോസ്യോസ് : വിശ്വാസവീഥിയിലെ അമൂല്യ നിധി

അലക്സിയോസ് മാർ യൗസേബിയോസ്
മെത്രാപ്പോലീത്ത
മിഷൻ സെന്റർ ഡയറക്ടർ

പാത്താമുട്ടം ദേശത്തുനിന്നും അഖിലഭാരത സഭാദർശനത്തോടെ ദൈവരാജ്യശുശ്രൂഷ പൂർത്തിയാക്കി ദൈവസന്നിധിയിലേക്ക് കടന്നുപോയ ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ ജന്മശതാബ്ദി വർഷമാണല്ലോ. ആ പുണ്യപിതാവിന്റെ ജന്മദേശത്ത് സ്തേഫാനോസ് മാർ തേവോദോസ്യോസ് മിഷൻ സെന്ററിന്റെയും മാതൃഇടവകയുടെയും ആഭിമുഖ്യത്തിൽ സമുചിതമായി ആചരിക്കുന്നു എന്നത് നമുക്ക് ഏറെ സന്തോഷം പകരുന്നു. മലങ്കര സഭയുടെ വളർന്നുവരുന്ന ഒരു തലമുറയ്ക്കും തിരുമേനിയുടെ ജീവിതവും ദർശനവും മനസ്സിലാക്കാൻ ഈ അവസരവും മിഷൻ സെന്ററിന്റെ എല്ലാ പ്രവർത്തനങ്ങളും ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മലങ്കരസഭയ്ക്ക് ദൈവദാനമായി ഒരു അമൂല്യ നിധി ലഭിച്ചിട്ട് ഒരു നൂറ്റാണ്ടു പൂർത്തിയാകുന്ന ഈ സമയം മലങ്കരസഭ മുഴുവനായും, വിശേഷാൽ കൽക്കട്ടാഭദ്രാസനവും ദൈവനടത്തിപ്പിന്റെ വഴികളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയാണ്. അഭിവന്ദ്യ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷിക്കുമ്പോൾ ആ പുണ്യപിതാവിന്റെ ജീവിതം പകർന്ന ധന്യസ്മരണകളും, തിരുമേനി കാണിച്ചുതന്ന ദൈവ സ്നേഹത്തിന്റെയും, മനുഷ്യസേവനത്തിന്റെയും നിസ്തുല മാതൃകകൾ വീണ്ടും നമ്മുടെ ഹൃദയങ്ങളിൽ നിറയുകയാണ്. വിശ്വാസികളുടെ പിതാവായ അബ്രഹാമിനെക്കുറിച്ച് പ. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത്, സാഹചര്യങ്ങൾ പ്രതികൂലവും സാദ്ധ്യതകൾ ദുർബ്ബലവും ആയിരുന്നപ്പോഴും അബ്രഹാം ദൈവിക വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു എന്നാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വിശ്വാസം നീതിക്കായി കണക്കിടപ്പെട്ടത്. അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷാമേഖലകളെയും രീതികളെയും മനസ്സിലാക്കിയ എല്ലാവർക്കും അറിയാവുന്നതാണ് ദൈവം കരുതുമെന്ന് അബ്രഹാമിനെപ്പോലെയുള്ള തിരുമേനിയുടെ ആഴമേറിയ വിശ്വാസം. അബ്രഹാമിനെ ദൈവം ബഹുജാതികൾക്ക് പിതാവാക്കി തീർത്തതുപോലെ തന്റെ സ്നേഹം കൊണ്ടും, സമർപ്പണംകൊണ്ടും ഉത്തരഭാരതത്തിലെ പല ഭാഷക്കാരും, വംശക്കാരുമായ മനുഷ്യർക്ക് പിതൃസ്ഥാനീയനായിത്തീർന്ന പുണ്യാത്മാവാണ് അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനി.



ഒരു നിധിയുടെ കണ്ടെത്തുമ്പോൾ അതിന്റെ മൂല്യം അതിലെ നാണയങ്ങളുടെയോ മറ്റു വസ്തുക്കളുടെയോ യഥാർത്ഥ വിനിമയശേഷിയേക്കാൾ പലമടങ്ങാണ്. കാലം പോകുംതോറും അതു നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്യും. തേവോദോസ്യോസ് തിരുമേനിയുടെ ജീവിതത്തെയും ദർശനത്തെയും ഇന്നു നാം പഠിക്കുവാൻ ശ്രമിക്കുമ്പോഴാണ്, അവയുടെ മൂല്യം നാം ധരിച്ചുവച്ചിരിക്കുന്നതിനേക്കാൾ അനേകമടങ്ങാണെന്ന് മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് തിരുമേനിയുടെ ജീവിതം ഒരു നിധിയാണ് എന്നു പറയുന്നത്. വി. മത്തായി 13.44 ൽ സ്വർഗ്ഗരാജ്യം വയലിൽ ഒളിപ്പിച്ചു വച്ച നിധിയോടു സാദൃശ്യമാകുന്നു എന്നാണ് കർത്താവ് പറഞ്ഞുതരുന്നത്. അത് കണ്ടെത്തുന്ന സന്തോഷത്തിൽ തനിക്കുള്ളതെല്ലാം വിറ്റ് അത് സ്വന്തമാക്കുന്ന ഒരു മനുഷ്യനെയും അവിടെകാണുന്നുണ്ട്. ഉത്തരേന്ത്യയുടെ മിഷൻ വയലുകളിൽ ആ നിധി കണ്ടെത്തുകയും തനിക്കുള്ളതെല്ലാം-തന്റെ ജീവിതവും വിലയായി നൽകി ആ നിധി സ്വന്തമാക്കിയ പുണ്യാത്മാവാണ്. ആ അന്വേഷണത്തോട് ചേർത്താണ് തിരുമേനി തന്റെ ജീവിതത്തിലെ എല്ലാ സാധ്യതകളെയും മനസിലാക്കിയതും പ്രയോജനപ്പെടുത്തിയതും.

മാർ തേവോദോസ്യോസ് തിരുമേനി ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളും അവ നിലനിൽക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച് മൂല്യം നിർണ്ണയിക്കുവാൻ കഴിയാത്ത നിധികളാണ്. വിദ്യാഭ്യാസം അക്കാദമിക് അറിവ് മാത്രമല്ല, ധാർമ്മികവും ആത്മീയവുമായ വളർച്ചയും നൽകുന്നു. ധാർമ്മിക മൂല്യങ്ങളും സഹാനുഭൂതിയും ഉത്തരവാദിത്തബോധവും കുട്ടികളിൽ വളർത്തിയെടുത്ത് അവർ ആയിരിക്കുന്ന സമൂഹത്തിൽതന്നെ ദൈവരാജ്യത്തിന്റെ സവിശേഷതകളെ പരിചയപ്പെടുത്തുവാൻ തിരുമേനിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അഭിവന്ദ്യ തിരുമേനി സ്ഥാപിച്ച സ്കൂളുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിച്ച, പഠിക്കുന്ന കുട്ടികൾക്ക് ക്രിസ്തുവിനെയും, മാതൃകാക്രിസ്തുശിഷ്യനായി തിരുമേനിയെയും മനസിലാക്കി. അതുവഴി മലങ്കര ഓർത്തഡോക്സ് സഭയെയും മനസ്സിലാക്കുവാൻ സാധിക്കുന്നു എന്നത് നിസ്സാരകാര്യമല്ല. എം. ജി. എം. സ്ഥാപനങ്ങളിലൂടെ പരിശുദ്ധ പരുമല തിരുമേനിയെപ്പറ്റി അറിയുവാനും ഇടയാകുമ്പോൾ ശരിക്കും തിരുമേനി മലങ്കര സഭയുടെയും, ക്രിസ്തു സ്നേഹത്തിന്റെയും സ്ഥാനപതി തന്നെ ആയിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച തിരുമേനിയുടെ ദർശനം കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നതു മാത്രമല്ല, അവരിലൂടെ അവർ എവിടെ നിന്നു വരുന്നുവോ ആ സമൂഹങ്ങളെ കൂടെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുക എന്നതായിരുന്നു.

മാർ തേവോദോസ്യോസ് തിരുമേനിയുടെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ വലിയ സന്ദേശം. അതുകണ്ടറിഞ്ഞവർക്കപ്പുറം അതിനെ അക്ഷരങ്ങളിലൂടെ കൈമാറുന്നതിനു പരിമിതികളും ഉണ്ടാകും. അതുകൊണ്ട് ഈ ജന്മശതാബ്ദി ആഘോഷങ്ങൾ തങ്ങളുടെ സ്വന്തകണ്ണുകൊണ്ട് കണ്ടും, തങ്ങൾ കേട്ടും, തിരുമേനിയുടെ സ്വപ്നങ്ങളെ മനസ്സിലാക്കി തങ്ങളുടെ കൈകൾകൊണ്ട് അദ്ധ്വാനിച്ച് അതിനോട് ചേർന്നു നിന്നവരുമായ വ്യക്തികളിൽ നിന്നും തിരുമേനിയുടെ ജീവിതമാതൃകയും, സ്വർഗ്ഗീയമദ്ധ്യസ്ഥതയും നമ്മൾക്ക് അനുഗ്രഹത്തിനും സഭയുടെ ശ്രേയസ്സിനും മുഖാന്തിരമാകട്ടെ.

ഭാഗ്യസ്മരണാർഹനായ
സ്തേഫാനോസ് മാർ തേവോദോസ്യോസ്
തിരുമേനിയുടെ കബറിടം
2007 നവംബർ 5
സെന്റ് തോമസ് ആശ്രമം, ഭിലായ്

മാർ തേവോദോസ്യോസ്: ഒരു വ്യത്യസ്തനായ സഞ്ചാരിയുടെ സുവിശേഷം



ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
അഡ്വൈസറിബോർഡ് അംഗം
മുൻ പ്രിൻസിപ്പാൾ, നാഗപ്പൂർ വൈദിക സെമിനാരി

മലങ്കരസഭയിലെ അജപാലനശുശ്രൂഷയും ഭാരത ജനസമൂഹത്തിനുള്ള സ്നേഹസേവനങ്ങളും സമന്വയിപ്പിച്ച് വിളങ്ങിയ മഹാചാര്യനായിരുന്നല്ലോ അഭിവന്ദ്യ സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത. ലാളിത്യത്തിന്റെയും അത്യദ്ധ്വാനത്തിന്റെയും വിശുദ്ധിയുടെയും വിനയത്തിന്റെയും പ്രാർത്ഥനയുടെയും ത്യാഗപൂർവ്വമുള്ള സാമൂഹ്യ പ്രതിബദ്ധതയുടെയും ആൾരൂപമായിരുന്ന തിരുമേനി ഒരു സഞ്ചാരി ആയിരുന്നു നിരന്തരം അതിരുകൾക്കപ്പുറത്തേക്ക് സഞ്ചരിച്ചിരുന്ന സ്നേഹനിധിയായ പിതാവ്.

വിദ്യാഭ്യാസത്തിനും വിനോദത്തിനും ജോലിക്കും ബിസിനസിനും സാഹസികതയ്ക്കും ഒക്കെ സ്വന്തം നാടും രാജ്യവും വിട്ട് മറ്റ് ദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നത് സാധാരണമാണ്. സ്വന്ത സുഖസൗകര്യങ്ങളുടെ വർദ്ധനവിനായി മെച്ചമായ നാടുകളിലേക്കുള്ള യാത്രകളും കുടിയേറ്റവും സ്വാഭാവികമാണ്. എന്നാൽ സൗകര്യപ്രദമായ ഇടങ്ങളിൽ നിന്ന് സ്നേഹം പങ്കിടാനായി അരക്ഷിതമായ മേഖലകളിലേക്കുള്ള പ്രയാണം ആണല്ലോ സുവിശേഷത്തിലെ ഒരു പ്രതിപാദ്യം. ദൈവപുത്രന്റെ മനുഷ്യാവതാരമാണ് അങ്ങനെയുള്ള ക്രൂശ്മാർഗ്ഗത്തിലെ യാത്രയുടെ മകുടോദാഹരണം. അരുമനാഥന്റെ കാൽപ്പാടുകളെ പിൻപറ്റി ഭാരതത്തിലേക്ക് വന്ന മർത്തോമാശ്ലീഹായുടെ സുവിശേഷ പൈതൃകം ശരിക്കും ഉൾക്കൊണ്ടുള്ള യാത്രയായിരുന്നു തിരുമേനിയുടേത്.

1924 ൽ ഗാന്ധിജിയുടെ ജന്മദിനത്തിൽ, കോട്ടയത്ത് പാത്താമുട്ടത്ത് ജനിച്ചുവളർന്ന പുന്നൂസ് പിന്നീട് കെ.കെ. പുന്നൂസ് അച്ചനായി (പിൽക്കാലത്ത് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത) കോട്ടയം ഭദ്രാസനത്തിലെ ചില പള്ളികളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു കൊണ്ടിരുന്നപ്പോൾ ആയിരുന്നു കേരളത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് പോകാനുള്ള വിളി ബോധ്യപ്പെട്ടത്. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ഭാരതസുവിശേഷ യാത്ര കഴിഞ്ഞ് 'മലങ്കരസഭ'യിൽ എഴുതിയ ലേഖനം വായിച്ച് ഉത്തരേന്ത്യയിൽ സഭ വളർത്തേണ്ടതിന്റെ സാധ്യതയും ആവശ്യകതയും ബോധ്യപ്പെട്ട പുന്നൂസ് അച്ചൻ ഇരുപത്തിയെട്ടാം വയസ്സിൽ ജബൽപൂരിലേക്ക് യാത്രതിരിച്ചു. അതുമുതൽ അരനൂറ്റാണ്ടിലധികം ഉത്തരേന്ത്യയെ തന്റെ കർമ്മഭൂമിയായി കണ്ടു പ്രവർത്തിക്കുകയായിരുന്നു ഈ പിതാവ്.

1960 കളിൽ ദൈവശാസ്ത്ര പഠനങ്ങൾക്കായി അമേരിക്കയിലേക്ക്പോയെങ്കിലും BDയും STM ഉം ഒക്കെ കരസ്ഥമാക്കി തന്റെ കർമ്മഭൂമിയിലേക്ക് മടങ്ങി എത്തുകയായിരുന്നു. അജപാലനശുശ്രൂഷയുടെ ഭാഗമായി ജബൽപൂർ, ദാദർ, സിംഗപ്പൂർ, ബഹറിൻ, ഭിലായി തുടങ്ങിയ സ്ഥലങ്ങളിലേക്ക് യാത്രയായി അവിടങ്ങളിലെ ഇടവകകളെ വളർത്തിയെടുക്കുന്നതിൽ പുന്നൂസ് അച്ചൻ കാര്യക്ഷമമായി പ്രവർത്തിച്ചു. മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒറീസ, വെസ്റ്റ് ബംഗാൾ, ബീഹാർ, ആസാം, മേഘാലയ, നാഗാലാൻഡ്, മഹാരാഷ്ട്ര തുടങ്ങിയ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന കൽക്കട്ടഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത എന്ന നിലയിൽ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത നിരന്തരമായ യാത്രയിലായിരുന്നു.

ഭദ്രാസനത്തിലെ അജപാലന ശുശ്രൂഷയോടൊപ്പം കുരിശിന്റെ വഴിയെ കൂടുതൽ ദുഷ്കരമായ യാത്രനടത്തിയത് ദുരിതമനുഭവിക്കുന്ന മനുഷ്യരുടെ അടുക്കലേക്ക് പ്രത്യേകിച്ച് ഉത്തരേന്ത്യൻ ഗ്രാമങ്ങളിലേക്കായിരുന്നു. പരിമിതമായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപരിയായി സർവ്വ ജനങ്ങൾക്കുമുള്ള നന്മയുടെ ദൂതുമായി വിവിധ കർമ്മപരിപാടികളുമായി അവഗണിക്കപ്പെട്ടിരുന്ന വടക്കേന്ത്യൻ ഗ്രാമീണ മേഖലയിലേക്ക് ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതമായി ഈ പിതാവ് കടന്നുചെന്നു പ്രവർത്തനങ്ങൾ ആരംഭിച്ചു. അങ്ങനെ ആരംഭിച്ച മക്കോഡിയാ മിഷനും മറ്റും നൂറുകണക്കിന് ഗ്രാമവാസികൾക്ക് ശാക്തീകരണത്തിന്റെ അഭയകേന്ദ്രമായി. അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ, ബാലവാടികളിലൂടെ ഒരു വിദ്യാവെളിച്ചത്തിന്റെ വിപ്ലവം തന്നെ സൃഷ്ടിക്കുകയായിരുന്നു.

1997 ലെ ജബൽപൂർ ഭൂകമ്പം നടന്ന ഉടനെ സെമിനാരിയിൽ നിന്ന് ഞങ്ങൾ ഏതാനും പേർ അവിടെ സന്ദർശിച്ച് ദേവോദോസ്യോസ് തിരുമേനിയോട് വിശദവിവരങ്ങൾ അറിയിച്ചപ്പോൾ അവിടെ സുമത്പിപരിയാ എന്ന ഗ്രാമം ദത്തെടുത്ത് വീടുകൾ നഷ്ടപ്പെട്ട 65 കുടുംബങ്ങൾക്ക് വീടുകൾ പണിതുകൊടുക്കുവാൻ തിരുമേനി നൽകിയ മാർഗ്ഗനിർദ്ദേശം അത്യന്തം പ്രചോദനപ്രദമായിരുന്നു.ആ പദ്ധതിയുടെ പൂർത്തീകരണശ്രമത്തിൽ തിരുമേനി പലതവണ ചെന്നെത്താൻ ദുഷ്കരമായ ആ ഗ്രാമത്തിലേക്ക് യാത്ര ചെയ്തത് ഓർക്കുന്നു.

തിരുമേനി ഏറ്റവും ഒടുവിൽ നാഗപ്പൂർ സെമിനാരിയിൽ വന്നത് പ്രേരണാ സ്പെഷ്യൽ സകൂളിന്റെ പുതിയ ഹോസ്റ്റലിന്റെ കൂദാശയോടു ബന്ധപ്പെട്ടായിരുന്നു. തിരുമേനിയുടെ ആരോഗ്യത്തെക്കുറിച്ചുള്ള കരുതലിൽ ചിലരെങ്കിലും അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും പാവപ്പെട്ട ബുദ്ധിമാന്ദ്യമുള്ള കുഞ്ഞുങ്ങളുടെ കാര്യമല്ലേ, താൻ വാക്ക് കൊടുത്തതനുസരിച്ച് പോകുമെന്ന് പറഞ്ഞ് ഭിലായിൽ നിന്ന് നാഗ്പ്പൂരിലേക്ക് ധീരമായ സ്നേഹയാത്ര അവസാനമായി നടത്തിയതും നന്ദിപൂർവം സ്മരിക്കുന്നു.

മലങ്കരസഭയ്ക്ക് മുഴുവൻ സാക്ഷ്യദർശനം ഉണ്ടാകുവാനും മിഷണറിമാരെ രൂപപ്പെടുത്തുവാനുമായി മർത്തോമാശ്ലീഹായുടെ പൈതൃകത്തെക്കുറിച്ച് ഓർമിപ്പിച്ച് പ്രവർത്തിച്ചുകൊണ്ടിരുന്ന ദേവോദോസ്യോസ് തിരുമേനി 'പരിശുദ്ധനായ മാർത്തോമാ ശ്ലീഹായെ ഓർക്കുമ്പോൾ' എന്ന തന്റെ ലേഖനത്തിൽ ഇപ്രകാരം എഴുതി, 'മറ്റെല്ലാ അപ്പോസ്തോലന്മാരും യഹൂദന്മാരെ പേടിച്ച് വെളിയിലിറങ്ങാതെ മുറിക്കകത്ത് കതകടച്ചിരിക്കുമ്പോൾ ധൈര്യശാലിയായി തന്റേടം ഉള്ളവനായി പുറത്തിറങ്ങി നടക്കാൻ തക്കവണ്ണം തോമാശ്ലീഹായ്ക്ക് സാധിച്ചു. അതുകൊണ്ടല്ലേ അദ്ദേഹം അകത്തില്ലാതിരുന്നത്... നമുക്കും അവനോടുകൂടെ മരിക്കാൻ പോകാമെന്ന് ധൈര്യം പറഞ്ഞ മർത്തോമാ ശ്ലീഹായ്ക്ക് അകത്തിരിക്കാൻ സാധിച്ചില്ല.... ഞങ്ങൾ അനുഗമിച്ച ഗുരുനാഥനെ കൊന്നവർ എന്നെയും കൊല്ലട്ടെ എന്ന് പറഞ്ഞ് പുറത്തിറങ്ങി നടക്കാൻ ധൈര്യം കാണിച്ച അസാമാന്യ ധൈര്യശാലിയാണ് മാർത്തോമാശ്ലീഹ........ അദ്ദേഹത്തിന് കതകടച്ച് മുറിയിൽ ഇരിക്കുവാൻ സാധിക്കുകയില്ല... അതുകൊണ്ടാണ് അദ്ദേഹം യേശുവിന്റെ സുവിശേഷകനായി ഭാരതത്തിലേക്ക് കടന്നുവന്നത്.... മർത്തോമാ ശ്ലീഹാ നമ്മുടെ പിതാവാണെന്ന് പറയുമ്പോൾ ഈ അപ്പോസ്തോലൻ ക്രിസ്തുവിനോട് കൂടി മരിക്കുവാൻ കാണിച്ച ധൈര്യവും തീഷ്ണതയും നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം.

യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികളായി പോകണം എന്ന് കർത്താവ് തന്റെ ശിഷ്യന്മാരെ ഏറ്റവും അവസാനം ചുമതലപ്പെടുത്തി. അതനുസരിച്ച് സാക്ഷ്യം നിർവഹിച്ച ശിഷ്യഗണത്തിൽ ഏറ്റവും ദൂരേക്ക് യാത്ര ചെയ്തത് മർത്തോമാ ശ്ലീഹായാണ്. ഈ ശ്ലീഹായുടെ ധീരതയും ത്യാഗസന്നദ്ധതയും സുവിശേഷ വീര്യവും സർവ്വാത്മനാ ഉൾക്കൊണ്ടുള്ള ദൗത്യനിർവഹണ യാത്രകൾ ആയിരുന്നു മാർ തേവോദോസ്യോസിന്റേത്.

തന്റെ അനവധിയായ യാത്രകളിൽ അധികവും അകമ്പടിയില്ലാതെ ഒറ്റയ്ക്കുള്ള യാത്രകൾ ആയിരുന്നു. അതും കൂടുതലും ട്രെയിനിൽ സ്ലീപ്പർ ക്ലാസിലും. ദൗത്യദർശനത്തിന്റെ പ്രകാശമുൾക്കൊള്ളുന്നവർ ലാളിത്യം ജീവിതവ്രതമായി സ്വീകരിക്കുമെന്ന സത്യം ഈ പിതാവും തെളിയിച്ചുതന്നു.

തന്റെ ജന്മനാട് വിട്ട് ചെന്നെത്തിയ കർമ്മഭൂമിയിൽ മരണം വരിച്ച മാർത്തോമാ ശ്ലീഹായെ പോലെ ഈ പിതാവും ജന്മം കൊണ്ട നാടിനു വെളിയിൽ മരിച്ച് അടക്കപ്പെട്ടു.

സ്നേഹം ആർദ്രതയോടെയുള്ള കേൾവിയും അതനുസരിച്ചുള്ള താദാത്മ്യപ്പെടലും കർമ്മപദ്ധതികളും ആണ്. അത് വിദ്വേഷിക്കുന്നവരുടെ പോലും നന്മ ആഗ്രഹിക്കുന്നതാണ്. അത് വ്യക്തികളുടെയും സമൂഹത്തിന്റെയും മാനുഷീകരണവും സന്തോഷവും ലക്ഷ്യമിടുന്നതാണ്. ക്രിസ്തു വെളിപ്പെടുത്തിയ സ്വാർത്ഥരഹിതമായ, ത്യാഗനിർഭരമായ, വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെ പ്രകാശനമാണ് മാർ തേവോദോസ്യോസ് എന്ന സഞ്ചാരിയുടെ സുവിശേഷത്തിലൂടെയും നാം വായിച്ച് അറിയുന്നത്. കുടുംബത്തിന്റെയും ഇടവകയുടെയും സഭയുടെയും നാടിന്റെയും ഒക്കെ സൗകര്യപ്രദമായ അതിരുകൾക്കപ്പുറത്തേക്ക് സാക്ഷ്യനിർവഹണത്തിനായി സഞ്ചരിക്കാൻ വെളിച്ചം നൽകുന്ന ഈ പുണ്യപിതാവിന് സ്മരണാഞ്ജലി.

സ്തേഫാനോസ് മാർ തേവോദോസിയോസ് – ആധുനിക സഭയുടെ അപ്പോസ്തോലൻ

ഷാജി എബ്രഹാം
ട്രഷറാർ, മിഷൻ സെന്റർ

ആധുനികഇന്ത്യക്ക് കേരളവും മലങ്കര സഭയും നല്കിയ മുനിശ്രേഷ്ഠനായിരുന്നു സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി. 2000-ലധികം വർഷങ്ങളുടെ പാരമ്പര്യം അവകാശപ്പെടുന്ന മലങ്കരസഭയെ കേരളത്തിന്റെ അതിർവരമ്പുകൾക്കപ്പുറം നാനാഭാഗങ്ങളിൽ വിശിഷ്യാ വടക്കേഇന്ത്യയിൽ പ്രചരിപ്പിക്കുന്നതിൽ തിരുമേനികാട്ടിയ ഇച്ഛാശക്തി അഭിനന്ദനാർഹവും മാതൃകാപരവുമാണ്.

ഇന്ത്യയെ കണ്ടെത്താൻ ഗ്രാമങ്ങളിലേക്ക് കടന്നുചെല്ലുക എന്ന രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ കാഴ്ച്ചപ്പാട് ക്രൈസ്തവ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത മലങ്കര ഓർത്തഡോക്സ്സഭയ്ക്ക് വടക്കെഇന്ത്യയിലും പ്രചുര പ്രചാരം ലഭിക്കുവാൻ സഹായകരമായി. ഒപ്പം വടക്കെ ഇന്ത്യൻ ഗ്രാമീണ ജനതയുടെ ജീവിതസ്പന്ദനങ്ങളുടെ ചൈതന്യമായി മാറാനും തിരുമേനിയ്ക്ക്കഴിഞ്ഞു.

1972-ൽ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ 19-ാം ശതാബ്ദി ആഘോഷം സഭ ആകമാനം വലിയതോതിൽ കൊണ്ടാടിയെങ്കിലും അതിന്റെ നിലനിൽക്കുന്ന പ്രതീകം ആ വർഷം സ്ഥാപിതമായ ഭിലായി മിഷൻ മാത്രമാണ്. മികച്ച നിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും, വൈദിക സെമിനാരിയും, മക്കോഡിയാ മിഷനും എല്ലാം ഈ പിതാവിന്റെ ഓർത്തഡോക്സ് ദൗത്യത്തിന്റെ ചിഹ്നങ്ങളായി നിലനിൽക്കുന്നത് ക്രൈസ്തവ സമൂഹത്തിനാകെ അഭിമാനകരമാണ്.

ക്രൈസ്തവവേദശാസ്ത്ര ലോകത്തിലെ മഹാപ്രതിഭകൾക്ക് മാർഗ്ഗദർശിയായിരുന്ന പൗലോസ് ശ്ലീഹായെപ്പോലെ കർമ്മംകൊണ്ട് ആധുനിക ക്രൈസ്തവ ലോകത്തിനു മാതൃകയായിരുന്നു തിരുമേനി. സഭയുടെ സുവിശേഷപ്രവർത്തനങ്ങളെ സംബന്ധിച്ച് ദീർഘവീക്ഷണമുള്ള വ്യക്തിത്വമായിരുന്നു. ദർശനവും ദാർശനികതയുമുള്ള ഒരു സമൂഹമായിരിക്കണം ഓർത്തഡോക്സ് സഭ എന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നു. ആ ദർശനമാണ് വടക്കേഇന്ത്യയിൽ അദ്ദേഹം പ്രാവർത്തികമാക്കിയത്.

വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്ന് തിരുമേനി വിശ്വസിച്ചിരുന്നു. അതുകൊണ്ട്തന്നെ ഇന്ത്യയിലെ ഗ്രാമീണജനതയുടെ ഭൗതിക ജീവിതത്തിന്റെ ഉപാധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടികളിൽ അദ്ദേഹം ഏർപ്പെട്ടു. അതുപോലെതന്നെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികസനത്തിനു ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം പ്രമുഖ ഘടകമാണെന്നുള്ള തിരിച്ചറിവാണ് 30-ലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ തിരുമേനിയെ പ്രേരിപ്പിച്ചത്.

28 വർഷം തിരുമേനിയുമായി അടുത്ത ബന്ധം പുലർത്തുവാൻ സാധിച്ചുവെന്നതിൽ എനിക്കും അഭിമാനിക്കാം. സങ്കീർണ്ണങ്ങളായ നിരവധി പ്രശ്നങ്ങൾ അഭിമുഖികരിക്കേണ്ടിവന്നപ്പോഴൊക്കെ ആദർശത്തിനു വേണ്ടി പ്രായോഗികതയോ പ്രായോഗികതയ്ക്ക് വേണ്ടി ആദർശമോ ബലികൊടുക്കാതെ പ്രതികൂലതകളെ അതിജീവിച്ച സംഭവങ്ങൾ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അന്ധകാരം നിറഞ്ഞ സന്ധ്യകളായി പരിണമിച്ചേക്കുമോ എന്ന് പലരും ശങ്കിച്ച ഈ പിതാവിന്റെ പ്രവർത്തനങ്ങൾ പ്രകാശം ചൊരിയുന്ന പ്രഭാതങ്ങളായി മാറിയതിൽ കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാഇടവകയിലെ അംഗങ്ങൾക്കും അഭിമാനിക്കൻ ഏറെയുണ്ട്.

വടക്കേഇന്ത്യയിലെ ഗ്രാമീണജനതയുടെ, പ്രത്യേകിച്ചും സ്ത്രീകളുടെയും കുട്ടികളുടേയും ഉന്നമനത്തിനും, അവർക്കിടയിലെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുമായി കൂടുതൽ സ്ത്രീസാന്നിധ്യം ആവശ്യമാണെന്ന് ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ കന്യാസ്ത്രീകളാകുവാൻ താല്പര്യമുള്ളവരെ കണ്ടെത്തുവാനും പരിശീലനം കൊടുക്കുവാനും ഒരു സെന്റർ എന്നതു തിരുമേനിയുടെ ആഗ്രഹവും ലക്ഷ്യവുമായിരുന്നു. അതിന്റെ ആദ്യപടിയായിരുന്നു അദ്ദേഹത്തിന്റെ മാതൃദേവാലയമായ പാത്താമുട്ടം സ്ളീബാ പള്ളിയോടു ചേർന്നു സ്ഥാപിച്ച പാത്താമുട്ടം മിഷൻ സെന്റർ. തിരുമേനിയുടെ ദേഹവിയോഗം മൂലം കന്യാസ്ത്രീപരിശീലനം എന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ സാധ്യമായില്ലയെങ്കിലും മറ്റനേകം ജീവകാരുണ്യ പ്രവർത്തനങ്ങളുമായി പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്റർ ഇന്നും ഭാഗ്യസ്മരണാർഹനായ തിരുമേനിയുടെ സ്മരണ നിലനിർത്തിപ്പോരുന്നു.

സ്തേഫാനോസ് മാർ തേവോദോസിയോസ്
തിരുമേനിയുടെ ഗുരുവും വഴികാട്ടിയുമായിരുന്ന
വന്ദ്യ. മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചൻ
(1901–1958) ഓർമ്മപ്പെരുന്നാൾ
ജൂലൈ 19,20 സ്ലീബാപ്പള്ളി, പത്താമുട്ടം

സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്റർ : പ്രവർത്തന റിപ്പോർട്ട്

സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്റർ, പാത്തമുട്ടം

മലങ്കരസഭയുടെ കർഷകട്ടോ ഭ്രദാസന പ്രഥമ മെത്രാപ്പോലീത്തായും ഭിലായ് മിഷൻ സ്ഥാപകദാതാവുമായിരുന്ന പുണ്യശ്ലോകനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി, ഭിലായ് മിഷനു വേണ്ടി വന്നിരുപ്രവർത്തകരെ പരിശീലിപ്പിക്കുന്നതി നായി ജന്മനായക പാത്തമുട്ടത്ത് ഒരു കേന്ദ്രം സ്ഥാപി ക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിനുവേണ്ടി പാത്തമുട്ടം സൗണ്ടപള്ളിക്കു സമീപം 2006 ഓഗ്സ്റ്റ് 6ന് 4 ന് തിരുമേനി തന്നെ സ്ഥലം വിലയ്ക്കു വാങ്ങി. ഈ സ്ഥലത്ത് ഒരു ബഹുനിലക്കെട്ടിടത്തിന്റെ പണി പൂർത്തിയിച്ചുവരവേ 2007 നവംബർ 5 ന് തിരുമേനി ഇഹലോകവാസം വെടിഞ്ഞതിനാൽ കെട്ടിടം പണി പൂർത്തീകരിക്കുവാൻ സാധിച്ചില്ല.

പിന്നീട് കർക്കോട്ട ഭ്രദാസനയിലെ മെത്രപ്പോ ലീത്തോ ആയിരുന്ന അഭി.ജോസഫ് മാർ ദീവന്നാസി യോസ് തിരുമേനി മിഷൻ സെന്ററിന്റെ പ്രവർത്തനം

അവധിക്കാല ക്ലാസുകളുടെ ഉദ്ഘാടനം

ഏറ്റെടുത്തുകൊണ്ട് റവ. ഫാ. ഡോ. എബ്രഹാം ഉമ്മറെ (അഡ്വ. ആച്ചൻ) മിഷൻ സെന്റർ സെക്രട്ടറി & ട്രഷറർ ആയി നിയമിച്ചു. പിന്നീട് അഡ്വ ആച്ചന്റെ നേതൃത്വത്തിൽ മിഷൻ സെന്റർ കെട്ടിട നിർമ്മിച്ചു. ഇന്നു കാണുന്ന രൂപത്തിലാക്കി.

സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിന്റെ ഔദ്യാഗ്യാ ദ്ഘാടന ടനവും പുണ്യശ്ലോകനായ വേദ. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ 90-ാം ജന്മ ദിനമായ 2013 ഫെബ്രുവരി 2-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് വിതീയൻ കാതോലിക്കാബാവ നിർവ്വഹിച്ചു.മിഷൻ സെന്ററിന്റെ ഉപദേശകസമിതിയുടെ നേതൃത്വത്തിൽ സെന്ററിന്റെ ഒൈംഫിന് ഉദ്ഘാടനം നടന്നുവരുന്നു. ഭിലായ് മിഷൻ സെന്ററിന്റെ പ്രവർത്തനം ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു.

സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ എല്ലാ വർഷവും നവംബർ 1-ാം തീയതിയ്ക്കടുത്തുവരുന്ന ഞായ റാഴ്ചകളിൽ പാത്തമുട്ടം സൗണ്ടപള്ളി, സ്തേഫാ നോസ്മാർ തേവോദോസിയോസ് പാരിഷ്മിഷൻ സെ മെന്റെറി കുറിച്ച്, സ്തേഫാനോസ് മാർ തേവോദോ സിയോസ് മെമ്മോറിയൽ മിഷൻ സെന്റർ പാത്തമുട്ടം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ആചരിച്ചു വരുന്നു.

സ്തേഫാനോസ് മാർ തേവോദോസിയോസ് സ്മാരക അവാർഡ് എല്ലാ വർഷത്തെയും സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മപ്പെ രുന്നാളിന് നൽകിവരുന്നു.

സിനിമാട്ടോ ഗ്രാഫിക്കൽ സംഗമം

ശ്രീ. കെ. കെ. കുര്യൻ കയ്യാലത്ത് സ്പോ ൺസർ ചെയ്ത എൻഡോവ്മെന്റ് ഏഴ് പ്രാവശ്യം നിന്നും എല്ലാവർഷവും തേവോദോസിയോസ് തിരു മേനിയുടെ ഓർമ്മപ്പെരുന്നാളിന് സ്തേഫാനോസ് മാർ തേവോദോസിയോസ് സ്മാരക ക്വൊയർ സെമിനാരി യൻസ് അവാർഡ് വിതരണം ചെയ്യുന്നു. രണ്ട് സെമി നാരിയിലെയും രണ്ടോ വർഷവിദ്യാർത്ഥികൾക്ക് അവ ർഡും ആദ്യവർഷക്കാരെ പരിചയിക്കുന്നിന് അടിസ്ഥാന ത്തിൽ ഈ അവാർഡ് നൽകിവരുന്നത്.

കൊറ്റമംഗലത്തിനടുത്തുള്ള എഴുപ്പുറം മാസ പറ്റം നാലാം ബുധനാഴ്ച രാവിലെ 10.30 മുതൽ 12 വരെ ക്ലാസ്സുകൾ നടന്നുവരുന്നു. എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ച രാത്രി 8.30 മുതൽ ഭാഗവതം പ്രശ്നോ ത്തരിയും നടത്തിവരുന്നു. എന്നാൽ കൊവിഡ് 19 മൂലമുള്ള നിയന്ത്രണങ്ങൾ വന്നപ്പോൾ ഓൺലൈൻ പ്രെയർ മീറ്റിംഗ്സ് നടത്തി. 2022 ഏപ്രിൽ മുതൽ എല്ലാ മാസ വും രണ്ടാം ഞായറാഴ്ചകളിൽ വൈകുന്നേരം 3.30 മുതൽ 4.30 വരെ സൂമിലൂടെയുള്ള ബൈബിൾ സെന്റി റിന്റെയും സഭയുമായിബന്ധപ്പെട്ടിരിക്കുന്നവരുടെയും നടന്നുവരുന്നു. പ്രാർത്ഥനയോടെ കോട്ടയം ഭദ്രാസ നത്തിന്റെ ഒരു യൂണിറ്റായി മിഷൻസെന്ററിലെ പ്രാർ ത്ഥനായോഗം പ്രവർത്തിക്കുന്നു.

കർക്കട്ടോ ഭ്രദാസന കുടുംബകൂട്ടായ്മ മിഷൻ എന്ന പേരിൽ 2017 മുതൽ എല്ലാവർഷവും കർക്ക ടക മാസം 2-ാം തീയതി നടന്നുവരുന്നു.

സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോട് അനുബ ന്ധിച്ച് സ്തേഫാനോസ് മാർ തേവോദോസിയോസ് സ്മാരക മത്സരങ്ങൾ നടന്നുവരുന്നു. പ്രസംഗം, ഉപ ന്യാസം, സംഗീതം, കിസ്സ്, എന്നീ മത്സരങ്ങൾ നട ത്തുന്നു. വിജയികൾക്ക് തിരുമേനിയുടെ ഓർമ്മപ്പെ രുന്നാൾ ദിവസം സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. എല്ലാവർഷവും കർക്കടകർ 2-ാം തീയതി വാർഷിക സമ്മേളനം നടത്തിവരുന്നു. കർക്കട്ടോ ഭ്രദാ സനരത്നപ്പെരുന്നാളിനോട് അനുബന്ധിച്ച് 2011 മുതൽ പ്രവർത്തിച്ചു പോ. ഡോ.എബ്രഹാം ഉമ്മൻ

ബിജി സി. ഫിലിപ്പ്
പ്രോഗ്രാം കോ-ഓർഡിനേറ്റർ

ജ്ഞാനാഞ്ജലി ആഘോഷങ്ങളുടെ തുടക്കം

(അഡ്വ ആച്ചൻ) 27-08-2021 കർത്താവിൽ നിദ്രപ്രാപി ച്ചു. മിഷൻ സെന്ററിന്റെ ആരാധനയ്ക്കലികൾ അർപ്പിക്കു ന്നു.

കാലഞ്ചിനനുസരിച്ച് വിദ്യാർത്ഥികളെ സജ്ജമാ ക്കുക എന്ന ലക്ഷ്യത്തോടെ മിഷൻ സെന്ററിന്റെ ആഭി മുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി അവധിക്കാല ട്യൂട്ടോറിയൽ നടത്തിവരുന്നു.

കർക്കട്ടോ ഭ്രദാസനത്തിന്റെയും ഭിലായ് മിഷ ന്റെയും കീഴിൽ പ്രവർത്തിക്കുന്ന സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്റ റിന്റെ 19-ാമത് വാർഷിക സമ്മേളനവും ഭാഗ്യസ്മര ണാർഹനായ സ്തേഫാനോസ് മാർ തേവോദോസി യോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങ ളുടെ ഉദ്ഘാടനവും 2021 ഒക്ടോബർ 23-ാം തീയതി 3 മണിക്ക് മിഷൻ സെന്ററിൽ കർക്കട്ടോ ഭ്രദാസനാധിപൻ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മെത്രപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെ ടും. കോട്ടയം എം. എൽ. എ. ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. പത്തനംതിട്ടാ മുൻ പ്രിൻസിപ്പാൾ റവ. ഫാ. ഡോ. കെ. എം. ജോർ ജ്ജ് മുഖ്യപ്രഭാഷണം നടത്തി.

മിഷൻ സെന്ററിന്റെ സുപ്രകാശിയായി 2011 മുതൽ 2021 വരെ ശ്രദ്ധേയമായ നേതൃത്വം നൽകി വൈദ്യ നിധിയിലേക്ക് കടന്നുപോയ ഫാ. ഡോ. കുര്യാക്കോസ് പുന്നൂസ് അച്ചന്റെ സേവനത്തെ സ്മരിച്ചുകൊണ്ടുള്ള "മാർ തേവോദോസിയോസ് അനുസ്മരണ-2021" പ്രസന്റേഷൻ ഫാ കുര്യാ 10,000 രൂപയും അച്ചന്റെ സംഭാവനയിൽ ശ്രീമതി നിർമ്മല പള്ളിവാതം എറ്റുവാങ്ങി.

ഭാഗ്യസ്മരണാർഹനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ചതാണ് സാമൂ ഹിക മേഖല പദ്ധതികളുടെ ഉദ്ഘാടനവും അഭിവന്ദ്യ തിരുമേനി നിർവ്വഹിച്ചു.

കുത്തൂർപ്പാടം സെന്റർ ഫീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിലെ 19 വീടുമ്മടർ

അഖിലകേരള ബാലജനസഖ്യത്തിന്റെ യൂണിറ്റ് ഉദ്ഘാടനം

ക്ക് തയ്യിൽകെട്ടിനുള്ളം വിദ്യുച്ഛാദ-ചികിത്സാ സഹായങ്ങളും നൽകി. രണ്ടു കാലിനും സ്വാധീനമി ല്ലാത്ത മല്ലപ്പള്ളി ആനിക്കാട് സ്വദേശിയായ 8-ാം ക്ലാസ്സ് വിദ്യാർത്ഥിക്ക് ഒരു വീൽചെയർ നൽകി.

ശ്രമമായി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

സമീപ ഇടവകകളിലെ സീനിയർ സിറ്റിസൺ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സീനിയർ സിറ്റി സൺ ഫുട്ബോൾ ടൂർണമെന്റ് 18-ാം തീയതി പെരു ന്നാൾ ദിവസം 10 മണി മുതൽ 1 മണിവരെ നടത്തി.

ഡോ. ഐപ്പ് വർഗ്ഗീസ് (കോട്ടയം ബി.സി.എം. കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി) മുഖ്യ പ്രഭാഷണം നടത്തി. വിവിധ കലാ, വിനോദവിജ്ഞാന പരിപാടികളും ഉണ്ടായിരുന്നു.

വനിതാസംഘം 2023 ഡിസംബർ 16-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 1 മണിവരെ നടത്തി. സമീപ ഇടവകളിലെ വനിതകൾ സംബന്ധിച്ചു. മുഴുപ്പ് വലിയപള്ളിവികാരി റവ. ഫാ. കുറിയാക്കോസ് എല്ദോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം മർത്തമറിയം വനിതാസമാജം ജനറൽ സെക്രട്ടറി ശ്രീമതി. മേരി ഉമ്മൻ ഉൽഘാടനം ചെയ്തു. അഡ്വ. ബാബു തോമസ് (ചെയർമാൻ പ്രസന്റേഷൻ ട്രസ്റ്റ്) മുഖ്യ സന്ദേശം നൽകി. ശ്രീമതി. സുനി സി. എബ്രഹാം (സീനിയർ അസിസ്റ്റന്റ് കോട്ടയം) മുഖ്യപ്രഭാഷണം നടത്തി. വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

മിഷൻസെന്ററിന്റെ ഉപദേശകസമിതി ഭിലായ് പ്രിസ്റ്റീജ് കോളേജ് ഓഫ് എജ്യുക്കേഷനിലെ & കെ മോട്ടേജിയുടെ സഹകരണത്തോടെ ഹയർ സെക്കൻ ഡറി വിദ്യാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. 2023 ഡിസംബർ 17-ാം തീ യതി തിയതികളിൽ സയൻസ കിറ്റിലുള്ള വിവിധ സ്കൂളുകളിൽ നടത്തി. റവ. ഫാ. ഡോ. പി. എസ്സ് വർ ഗ്ഗീസ് (എക്സിക്യൂട്ടീവ് ഓഫീസർ മെഥഡിസ്റ്റ് ചർച്ച് നൂർ-നാഗാലാന്റ്) കരിയർ ഡെവലപ്മെന്റ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മിഷൻ സെന്റർ പ്രസിഡന്റ് ശ്രീ. ബിജി എബ്രഹാം, പ്രകൃതാ കോ-ഓർഡിനേറ്റർ ശ്രീ. ബിജി സി. ഫിലിപ്പ് എന്നിവർ പ്രസ്തുത പ്രസ്തുത പ്രസ്തുത ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മിഷൻ സെന്റർ പ്രസന്റേഷൻ ട്രസ്റ്റ് ശ്രീ. ബിജി എബ്രഹാം, പ്രകൃതാ കോ-ഓർഡിനേറ്റർ ശ്രീ. ബിജി സി. ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ പ്രസ്തുത ക്ലാസ്സുകൾ നടന്നുവരുന്നു.

മിഷൻ സെന്ററിന്റെ സെക്രട്ടറിയായി നല്ലസേവനം നൽകി ദൈവസന്നിധിയിലേയ്ക്ക് കടന്നുപോയ ഫാ. ഡോ. കുര്യാക്കോസ് പുന്നൂസ് (അനുസ്മരണം)

ബിജു (മോഡറേറ്റർ സെക്രട്ടറി), അനുഷ സൂസോമ (ട്രഷറർ), ഡഡ്ലി ജോസ് ബിനോയി (സേവന വിഭാഗം), അഖിത സൂസൻ വിനോദ് (യുവജന വിഭാഗം), മിഥുൻ സി. മാമ്മൻ (യൂണിയൻ സമാംഗം) എന്നിവരുടെ മുഖ്യ സഹകാരിയായി ശ്രീ. ബിജി സി. ഫിലിപ്പ്, സഹകാരി മാരായി ശ്രീമതി നിമല ഷാജി, ശ്രീമതി ജെസ്സി കുര്യൻ എന്നിവരും പ്രവർത്തിക്കുന്നു.

മിഷൻ സെന്ററിന്റെ ഉപദേശകസമിതിയുടെ നേതൃത്വത്തിൽ സെന്ററിന്റെ ദൈനംദിന പ്രവർത്തനം ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. നിലവിലെ ഉപ ദേശകസമിതി അംഗങ്ങൾ : കർക്കട്ടോ ഭ്രദാസനാധിപൻ

*ശ്രീ. അഡ്വ. ജോൺ തോമസ്, സ്തേഫാനോസ് മാർ ബേസേലിയോസ് (പരു റക്കർ/പ്രസിഡന്റ്), റവ. ഫാ. കെ.കെ. മോഹനൻ (സെ ക്രട്ടറി), റവ. ഫാ. ഉണ്ണികൻ മാത്യു (മോഡറേറ്റർ സെക്രട്ടറി), ശ്രീ. ഷാജി പള്ളപറമ്പ (ട്രഷറർ), ഡോ. റവ. യൂഹാനോൻ കോർ എപ്പിസ്കോപ്പ പിറത്തിട്ടാട്ട്, വെരി റവ. ഫാ. പി.പി. തോമസ് കോർഎപ്പിസ്കോപ്പ, റവ. ഫാ. ഡോ. ബിജേഷ് ഫിലിപ്പ്, റവ. ഫാ. പി.എ. സഖറിയ (വികാരി, സീനിയർ പള്ളി), ശ്രീ. ജോർജ്കുട്ടി മുക്കാനോ പ്രാപ്പിച്ചി, ശ്രീ. തോമസ് കുരുവിള (കുക്കൊ ട്ടി), ശ്രീ. പോൾ വർഗീസ് (അഹമ്മദി, കുവൈറ്റ്), ശ്രീ. കെ.കെ. കുര്യൻ കയ്യാലത്ത്, ശ്രീ. മനോജ് സ്കറിയ (കൊച്ചുമോൻ) കയ്യാലത്ത്, ശ്രീ. ബിനു എം. ഐസക്, ശ്രീ. ബിജു (ട്രഷറർ), ശ്രീ. ജി.പി. വർഗീസ്, ശ്രീ. ജേക്കബ് കൊച്ചേരി, ശ്രീമതി കുഞ്ഞുമോൾ പുന്നൂസ് (സെക്രട്ടറി, അടൂർ സഭാസെക്രട്ടറി സംഘം, പാത്താ മുട്ടം), ശ്രീമതി നിർമ്മല പള്ളിവാതം എന്നിവർ ഉപദേശ കസമിതി അംഗങ്ങളായും ശ്രീ. ബിജി സി. ഫിലിപ്പ് പ്രോ ഗ്രാം കോ-ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

സർട്ടുകരണായ ദൈവത്തിന്റെ കൃപയിൽ ആശ്ര യിച്ചുകൊണ്ട് പരിശുദ്ധ ദൈവാരാധനയിലും ഇതു യുടെ കേന്ദ്രമായിരുവരുന്ന മാർ തോമ്മാശ്ലീഹായുടെ പരിശുദ്ധ പദ്ധമ മാർ ഗ്രിഗോറിയോസ് തിരുമേനി യുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകൊണ്ടും സഭാ യുടെ മേലധ്യക്ഷൻ മോറാൻ മാർ ബസേലിയോസ് തിരുമേനിയുടെ അജപാലനശുശ്രൂഷയിലും കർക്കട്ടോ ഭ്രദാസനാധിപനും ഭിലായി മിഷ ന്റെ പ്രസിഡന്റുമായ അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് തിരുമേനിയുടെയുള്ള രക്ഷാധി കാരിത്വത്തിലുകൊണ്ടും ഈ മിഷൻ സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സഹായിച്ചും സഹക രിച്ചും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പാത്താമുട്ടം സൗണ്ടപള്ളി അംഗങ്ങൾ, സ്തേഫാനോസ് മാർ തേ വേദോസിയോസ് മെമ്മോറിയൽ പാരിഷ്മിഷൻ സെന്റ മെന്റെറി അംഗങ്ങൾ മിഷൻ സെന്ററിന്റെ അഭ്യുന്നതാ ഭിവിച്ചുകൊണ്ടും എല്ലാവർക്കുമുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടും റിപ്പോർട്ട് സമർപ്പിക്കുന്നു.

വനിതാസംഗമം ഉദ്ഘാടനം

വെളിച്ചം വേണ്ടാത്ത മിന്നാമിനുങ്ങ്

ഫാ. പി. എം. സഖറിയ
പള്ളിക്കപറമ്പിൽ
(വികാരി, സ്നേഹാ പള്ളി, പാത്താമുട്ടം)

പ്രകൃതി സന്തതിയും വേണ്ടുവോളമുള്ള വാകത്താനത്തിന്റെ പടിഞ്ഞാറേകോണിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്ന ഒരു ദരിദ്രഗ്രാമമാണ് പാത്താമുട്ടം. അവിടെയുള്ള ഒരു കുന്നിന്റെ നെറുകയിൽ, ജീവിതപ്രാരാബ്ധങ്ങൾ നിമിത്തം പിരിമുറുകിയ മനസ്സിന് അയവും ആശ്വാസവും ലഭിക്കുന്ന ഒരു പുണ്യസങ്കേതമാണ് മാളികയിൽ വന്ദ്യ ദിവ്യശ്രീ. എം. സി. കുര്യാക്കോസ് റമ്പാന്റെ കണ്ണറിയേ. ഭക്താഗ്രേസരനായ അദ്ദേഹം ശിഷ്ടജീവനം നൽകി ദാമനിച്ചു വളർത്തിയെടുത്ത് തന്റെ പിൻഗാമിയായിരിക്കാനാണ് ആത്മാഭിച്ച കയ്യാലത്ത് "പുന്നായ്" വൈദികനായി ഉത്തരത്തുമിലേക്ക് നയിക്കപ്പെട്ടു. ക്രിസ്തുവിനെപ്രതിച്ചും, ക്രിസ്തുവിനെ പ്രതിച്ചും, മലങ്കരസഭയെപ്പറ്റിയും അറിയാത്ത ജനങ്ങളില്ലെയെയും സഭലങ്ങളിലൂടെയും അദ്ദേഹം സഞ്ചരിച്ചു. ഒരു മിന്നാമിനുങ്ങിനെ പോലെ. കനത്ത കൂരിരുട്ടു നിറഞ്ഞ ഇടങ്ങളിൽ, അതിന്റെ അകത്തുള്ള വെളി ചുമ്മാ അതിനു വഴികാണിച്ചുകൊടുക്കുന്നുണ്ട്. പുറത്തു വെളിച്ചമില്ലെങ്കിലും അകത്ത് വെളിച്ചമുള്ളവർ എത്ര ഇരുട്ടിലും മുന്നോട്ട് പോകാനുള്ള വഴി കണ്ടെത്തും. അതാ വെളിച്ചമെന്നും എന്നു പറഞ്ഞ് യേശുനാമത്തിന്റെ പ്രകാശവും പൈശാചനും ധാരയും കൊണ്ട് അതുകൊണ്ടുതന്നെ അവർ ജീവിതത്തിൽ കൊടുത്തു.

വടക്കേഇന്ത്യയിൽ ജീവിച്ചപ്പോഴും സ്വദേശവും മാതൃദേശവുമായ സുവിശേഷമിളിയും ഗുരുനാഥന്റെ സമാധിസ്ഥലവും അദ്ദേഹം മറന്നില്ല. തന്റെ ജീവിതത്തിന് ഊടും പാവും നെയ്തു തന്ന വന്ദ്യ റമ്പാച്ചന്റെ ഖബറിന് അരികിൽ തന്നെ താൻ ആരംഭിച്ച മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ട മിഷനറിമാരെ വാർത്തെടുക്കാൻ ഒരു മിഷൻ സെമിനറി തുടങ്ങി. ആ പിതാവിന്റെ സപ്തനങ്ങൾക്ക് ഒത്ത് ആ സ്ഥാപനം വളർന്നുവരുന്നു. കൽക്കട്ട ഭദ്രാസനത്തിന്റെ കീഴിലാണ് ആ ബൃഹത്തായ സ്ഥാപനം. അതിന്റെ പ്രവർത്തനങ്ങൾക്ക് നന്മ കൾ നേരുന്നു.

നന്മയും കരുണയും സ്നേഹവുമെല്ലാം ആ പുണ്യപിതാവിന്റെ ധന്യജീവിതത്തിന്റെ മുല്യങ്ങളാണ്. ഈ മൂല്യങ്ങൾ മൂർത്തിയിലൊതിരുന്നാൽ അവ വെറും ശബ്ദമായി വചനമായി മാത്രം അവശേഷിക്കും. മതം ജീവിതമായി മാറുന്നതിന്റെ വെളിച്ചം ദൃശ്യമാ മായിരുന്നു തന്നെവാരോസിയോസ് തിരുമേനി യുടെ ജീവിതം.

നമ്മുടെ ജീവിതവുമായി ചേരുന്ന മതം – വചനം മനുഷ്യനായി തീർന്നു–മതമാണ് ലോകത്തിന് ഇന്നാവശ്യം. മതത്തെക്കുറിച്ച് പ്രസംഗങ്ങൾ എഴുതുവാനും പ്രസംഗിക്കുവാനും ഒക്കെ നമുക്ക് കഴിയും. ആ ശബ്ദമല്ല അതിന്റെ ഉടയവനെയാണ് ലോകത്തിനു വേണ്ടിയത്. അത് കാണിച്ചു കൊടുക്കുവാൻ അടിവരു തിരുമേനിക്കഴിഞ്ഞു.

നമ്മുടെ ഒരുപ്രാർത്ഥനാ മഹത്തായസമിയും ഈ സ്മൃപ്രത്യേഷനും ഒരേ ദിവസമാണ് ജനിച്ചത്. ചില സാധർമ്മങ്ങൾ ആ രണ്ടു ജന്മങ്ങൾക്കും ഉണ്ട്. ഗാന്ധി ജി ഒരിക്കൽ പറഞ്ഞു–നമ്മുടെ വാക്കുകളേക്കാൾ നമ്മുടെ ജീവിതം നമ്മെപ്പറ്റി സംസാരിക്കുകയെ അതാണ് നല്ലത്–ദൈവത്തെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കാൻ എല്ലാ എല്ലാ മാതാവിനെപ്പോലും പരമ യേപ്പെടുകയാണ്. പുണ്യശ്ലോകനായ അഭിവന്ദ്യനാ യുലിയോസ് തിരുമേനി, പരിശുദ്ധ പരുമലതിരുമേനി, പാമ്പാടി മാർ ദിയോസ്കോറോസ് തിരുമേനി, ഗീവർഗീസ് മാർ ബസ്തോസിയോസ് തിരുമേനി, സ്നേഹാ നോസ് മാർ തേവോദോസിയോസ് തിരുമേനി ഈ പിതാക്കന്മാരോടൊപ്പം സേവകൻമാരിൽ ഒരാളെ ദൈവത്തെ കൊടുത്തു. പരിശുദ്ധപിതാവിനെ കൊടുത്തു. അവരുടെ ജീവിതം ഇന്നും നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നു.

ഈ പരിശുദ്ധ പിതാക്കന്മാരുടെ ജീവിതരേഖ ശാസ്ത്രം നമുക്ക് വിലപ്രമേയ മായിരിക്കുകയാണ്. അനുകൂല സാഹചര്യങ്ങളോടുകൂടിയ സേവനരംഗങ്ങളുടെ വാരിലുകൾ നമ്മുടെ നേരെ തുറന്നു കിടക്കുമ്പോൾ അതും ദൈവവിളിയായിത്തന്നെയാണ് മറ്റൊരാ നാം വിചാരിക്കുക. എന്നാൽ അങ്ങിനെ അല്ലെന്നാണ് യോസ്തിരുമേനി പല പ്രശ്നങ്ങളും പ്രതിബന്ധങ്ങളും നിറഞ്ഞ ചുറ്റുപാടുകളോടുകൂടിയ ജീവിതരംഗങ്ങളിൽ വൈദഗ്ദ്ധിന്റെ വഴികാട്ടി അനുസരിച്ച് പ്രവർത്തിക്കുന്നതിൽ ആനന്ദം കണ്ടെത്തി. സാഹചര്യ ങ്ങൾ ഏതുമാകട്ടെ തന്റെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് കൂടുതൽ നന്മചെയ്യുവാൻ സാധിക്കുന്ന സേവനരംഗങ്ങൾ തെരഞ്ഞെടുക്കുന്നു. ഏകനായി, കല്ലും മുള്ളും നിറഞ്ഞ വഴിയേ നടന്നും കാട്ടരുണ്ടിയിലും കൈയാത്രചെയ്തു അനേകായിരങ്ങൾക്ക് നന്മചെയ്തു. സ്മൃപുരുഷന്റെ അധ്യത്മതയും ജീവിതവും നമുക്ക് അനുഗ്രഹവും പ്രചോദനവും ആകട്ടെ.

ആർഭാടങ്ങളും വരവേൽപ്പും ഇല്ലാത്ത ജീവിതം

വി. സി. നൈനാൻ
(മുൻ സഭാ മാനേജിംഗ് കമ്മറ്റി & കൗൺസിൽ മെമ്പർ)

സ്നേഹത്തിന്റെ ദൃതുമായി ചുങ്കിൽ പുഞ്ചിരി യോടെ ഉത്തരത്തുമിലെ ശ്രാവീണ പ്രവർത്തനങ്ങളിൽ കടന്നു പോന്ന് ദൈവാരാജ്യത്തിന്റെ സന്ദേശം എത്തിച്ച ഭാഗ്യ മെനോർഹനായ സ്നേഹാനാസ് മാർ തേവോദോസിയോസ് പിതാവിന്റെ ജന്മശതാബ്ദി വേള യിൽ നല്ല ഓർമ്മകളെ പങ്കുവയ്ക്കുവാൻ ഇടയാ യതിൽ ദൈവമേ നിനക്ക് സ്തുതി!

നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ ഒരിക്കലും മാഞ്ഞുപോകാത്ത വ്യക്തിമുദ്ര പതിപ്പിച്ച സ്നേഹാർഹനായ ഈ പിതാവിനെ സ്നേഹിക്കുമ്പോൾ ഒരുനാഥി നല്ല ഓർമ്മകൾ ഓരോന്നായി ഓടിയെത്തുന്നു. ആർഭാടങ്ങളില്ലാതെ ആഡംബരങ്ങളില്ലാതെ മുഴുകി ആത്മാവിനെ കൈകളിൽ അമ്മാനമാടുന്ന സ്വഭാവം തിരുമേനിയിൽ ലേശം പോലും ഇല്ലായിരുന്നു. ലാളിത്യ ത്തിന്റെ പ്രതീകവും പരുവായുമായ പുണ്യപിതാവ് – ഈ പിതാവിനോട് കൂടി ദിവ്യശുശ്രൂഷകളിലും വിശുദ്ധ കുർബാനകളും വിവിധ സ്ഥലങ്ങളിൽ കേരുവാനുള്ള ധാരാളം അവസരങ്ങൾ ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. തിരുമേനിയുടെ ലളിത ജീവിതവും ഉന്നത മായ ചിന്തകളും വലിയ വചനപ്രഘോഷണങ്ങളെ ക്കാൾ എത്രയോ ആകർഷകിക്കുന്നതാണ്.

1979-ല് ഭദ്രാസനങ്ങളെ വിഭജിച്ചപ്പോൾ മുതലും കൽക്കത്തയും പ്രത്യേക ഭദ്രാസനങ്ങളായി. കൽക്കട്ട ഭദ്രാസനത്തിന്റെ പുതിയ അജിവനു തിരു മേനി ഏറ്റെടുത്തതുമുതൽ ജീവനയപ്രവർത്തനങ്ങളും വിശ്വമിച്ചിരുന്ന ഭദ്രാസനത്തിനുവേണ്ടി കഠിനാധ്വാനം ചെയ്തു. പ്രായത്തെയും ആരോഗ്യത്തെയും വകവയ് ക്കാതെ ചുറ്റുമുറ്റുകൊണ്ട അധ്വാനിച്ചു.

മഹാഗുരുവിന്റെ പാണ്ടനി എന്റെ ജീവിത മാണ് എന്റെ സന്ദേശം, അതുപോലെ അഭിവന്ദ്യ പിതാ വിന്റെ മുഖത്ത് വിരിയുന്ന നിഷ്കളങ്കവും ശ്രവമായ പുഞ്ചിരി തന്റെ നിർമല ഹൃദയത്തിന്റെയും ജീവിത വിശുദ്ധിയുടെയും സാക്ഷ്യമായിരുന്നു. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കുവാൻ ചെന്ന് മത്തങ്കാരെ, ഉണർന്ന് ഉൻമേഷപ്രദമായ ജീവിതാരംഭവരെ പ്രവർ ത്തിച്ചു. കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങളും പുരോഗമന പിന്താപിയും ഉൾക്കൊള്ളുന്നതിനോ ടൊപ്പംതന്നെ കഴിയുന്ന കാലഘട്ടത്തിന്റെ നല്ല പാര മ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും വർത്തമാന കാല ത്തിന്റെ ദുർ ഭാവിയെ ധൈര്യപൂർവ്വം കൈകാര്യമാനു മായി സമാധാനവും ആരാധനാലയും ഭാഷാപഠ പദ്ധതി തുടങ്ങി മുതലായവ കൊടുത്തുതന്നതും കൊടുത്തുകൊണ്ടിരിക്കുന്നതും നാഗർകുവിൽ പ്രവർത്തനമാരംഭിച്ച സെന്റ്തോമസ് മാർത്തോഡോക്സ് സെമിനാരി അഭിവന്ദ്യ തിരുമാന സിന്റെ ചികാലഅഭിലാഷത്തിന്റെയും ഭാവിയെ പറ്റിയുള്ള ദീർഘവീക്ഷണത്തിന്റെയും ഫലമാണ്.

സഭയുടെ ഉത്തരത്തുൽ മിഷൻ പ്രവർത്തന ങ്ങളെ വളർത്തുന്നതിനും പരിപാലിക്കുന്നതിനും സേവന സന്നദ്ധരായുള്ളവരെ അഭ്യസിപ്പിക്കുക എന്ന ലക്ഷ്യമായിരുന്നു തിരുമേനിയുടേത്. വൈദിക പഠനം കഴിഞ്ഞ് പള്ളിപ്രസംഗത്തിലോ പള്ളി ആരാധന യിലും മാത്രം തൃപ്തിപ്പെടുന്നവരാണ് ഭൂരിപക്ഷവും. വൈദികപ്രവാർ എല്ലാ വർഷവും പാത്താമുട്ടം മിഷൻ സെന്ററിൽ നടത്തുന്ന അനുസ്മരണ സമ്മേളനത്തിൽ പങ്കെടുക്കുവാനും തിരുമേനിയുമായുള്ള നല്ല ഓർമ കളെ പങ്കുവയ്ക്കുവാനും അവസരം ലഭിച്ചിരുന്നു.

സെമിനാരി പ്രവേശനം, പഠനം, സഭയ്ക്കും മിഷനും ലഭിക്കേണ്ട സേവനങ്ങൾ എങ്ങനെയായിരി ക്കണമെന്ന് വന്ദ്യനായ ഡോക്ടർ കെ. എം. ജോർജ് അച്ചൻ കഴിഞ്ഞവർഷത്തെ പാത്താമുട്ടം മിഷൻ വാർഷികത്തിൽ വളരെ ക്രിയാത്മകമായി ചിന്തിച്ച് ഉദ്ബോധിപ്പിച്ചു. തേവോദോസിയോസ് തിരുമേനിയോ ടൊപ്പം പ്രവർത്തിച്ചവർക്ക്, തിരുമേനി യുടെ ജീവച രിത്രപഠനത്തിലൂടെ വന്നിക്കാതെയെന്ന പങ്കുവയ്ക്കുവാ ൻ ധാരാളം നല്ല അനുഭവങ്ങൾ ഉണ്ട്. ഈ പിതാവിന്റെ ജീവിതവും ദർശനങ്ങളും ഇന്നത്തെ തലമുറയ്ക്ക് അനുഗ്രമാണ്. ഈ പിതാവിനെ ദർശനങ്ങൾ മീവി ക്കുന്ന ചരിത്രമായി നീയുടൻ സൺഡേസ്കൂൾ, ബൈ ബിൾസ്റ്റഡി തുടങ്ങി മറ്റു ആത്മീയ സംഘടനകളിലും പാഠ്യവിഷയം ആക്കുവാൻ സാമാന്യതയും താല്പര്യം എടുക്കണം.

ആത്മനിയന്ത്രണം കൊണ്ടും ജീവിതവിശുദ്ധി കൊണ്ടും വളർത്തിയെടുത്ത അതിശ്രേഷ്ഠമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു: ജഡകൾ ഇല്ലാത്ത, ആർഭാടംഹിതമായ ജീവിതരീതി, ആരെയും ആകർഷിക്കുന്ന സൗമ്യമായ പെരുമാറ്റം, ആലോചിച്ചു മാത്രം സംസാരിക്കുന്ന പ്രകൃതം എന്നിങ്ങനെ എത്രനാ ര്യ പ്രകൃതങ്ങളും പരിഹാരം കണ്ടെത്താനും നിർദ്ദേ ശിക്കുവാനും അനായാസം സാധിക്കുന്ന ബുദ്ധിവൈഭ വവും ദൈവശ്രേയും ജീവിതവിശുദ്ധിയും ഈ പിതാ വിനെ സ്വർഗ്ഗീയസിംഹാസനത്തിന്റെ ചുറ്റും നിത്യം നിൽക്കുന്നതിന് യോഗ്യനാക്കും.

വ്യക്തിപരമായി നേട്ടു ഒരു അനുഭവം കൂടി പങ്കുവയ്ക്കട്ടെ. സാധ്യതിൽ 2017–ൽ ഉണ്ടായ അഗ്നി ക്ഷുഭവത്തിലുണ്ടായ തിരുമേനി വളരെ അസഹ്യമാ നായിരുന്നു. ആ ദിവസങ്ങളിൽ പ്രഭാതങ്ങൾ കാരം കഴിഞ്ഞ് ആദ മണിക്ക് വിളിക്കുമായിരുന്നു. വിഷമി ക്കണ്ട, പ്രശ്നം പരിഹാരത്തിന് ഞാനൊന്നു മനസം പെടുത്തു തീരുമാനമെടുക്കാം എന്ന് ആശ്വസിപ്പിക്കു മായിരുന്നു. ഇന്നാകട്ടെ ആർക്കൊക്കിലും ആവലാതികൾ ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കാതെ കുടുതൽ സമീപി ഇല്ലാതുകൂടെയെ ഉള്ളൂ.

ആരെങ്കിലും അത്യാവശ്യകാര്യങ്ങൾ ബോധി പ്പിക്കുമ്പോൾ ശ്രദ്ധയോടെ കേൾക്കും. അലക്ഷ്യമായി യിരുന്നു കേൾക്കുമായിരുന്നു. അതും തിരുമേനിയുടെ ആത്മാർത്തതയുടെ വേറെ ഒരു മുഖം. കാരുണ്യം ബോധിപ്പിച്ചവർക്കും സന്തോഷവും സംതൃപ്തിയും.

ജന്മശതാബ്ദിവേളയിൽ പിതാവിന്റെ പ്രാർ ത്തനയും മധ്യസ്ഥതയും അനുഗ്രഹമായി തീരട്ടെ.

Best Compliments From

ALCON CONTRACTING

www.alcon.service

Build The Future With Confidence

CALL NOW +91 9995 355 333

Printed & Published by Jacob Kocherry on behalf of Stephanos Mar Theodosius Memmorial Mission Centre, Pathamuttom at Graphic Systems & Co., Mallappally 8606212534